ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണമാണ് ഈ ചെയിൻ സർവ്വീസുകൾ ഇന്നുവരെയും ആരംഭിക്കാൻ കഴിയാതിരിക്കുന്നത്. തൊട്ടിൽപ്പാലം യൂണിറ്റിനുവേണ്ടി പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഇതിനകം തന്നെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഡിപ്പോ വികസനത്തിന്റെ ഭാഗമായി സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യവും കൂട്ടത്തിൽ വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യവും സജീവമായി പരിഗണിച്ച് ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

5. ട്രിഡ സബ്സ്റ്റേഷൻ ട്രേഡ് സെന്റർ

ശ്രീ. എം.എ. വാഹീദ്: സർ, കഴക്കൂട്ടം ഐ.ടി. വ്യവസായ വികസനത്തിന്റെ കേന്ദ്രമായി, വ്യവസായ നഗരമായി മാറിക്കൊണ്ടിരിക്കുന്ന സ്ഥലമാണ്. അവിടെ ഭൗതിക സൗകര്യങ്ങളൊരുക്കുവാനുള്ള പരിശ്രമങ്ങൾ ടെക്നോപാർക്കും അതുപോലെതന്നെ മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് നടന്നുകൊണ്ടിരിക്കുകയാണ്. 2002-ലെ ബഡ്ജറ്റിൽ ഒരു ബസ് സ്റ്റേഷനും ഷോപ്പിംഗ് കോംപ്ലക്സും ഓഫീസ് കോംപ്ലക്സും നിർമ്മിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ ഒരു കോടി രൂപ അനുവദിക്കുകയും അതിന്റെ നോഡൽ ഏജൻസിയായി ട്രിഡയെ ഏർപ്പാട് ചെയ്യുകയും ചെയ്തു. സ്ഥലമെടുപ്പ് നടപടികൾ 2005-ൽ അവസാനിക്കാറായപ്പോൾ കോടതി സ്റ്റേ വരികയും 2005-ൽതന്നെ കേസ് തള്ളുകയും ചെയ്തു. ട്രിഡയുടെ പുതിയ ഭരണസമിതി അധികാരത്തിൽ വന്നുവെങ്കിലും ടെക്നോപാർക്ക് സൗജന്യമായി തരാമെന്ന് പറഞ്ഞിരുന്ന നാലരയേക്കർ സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടി സ്വീകരിച്ചില്ല. അക്വിസിഷൻ നടപടി നടന്നുകൊണ്ടിരിക്കുന്ന വസ്തുവിൽനിന്ന് ആരുമറിയാതെ ട്രിഡ ഭരണ സമിതി ഭൂമാഫിയകൾക്കുവേണ്ടി കുറേ ഭൂമി ഒഴിവാക്കി കൊടുത്തു.. അവിടെയെല്ലാം ഇപ്പോൾ ബഹുനില മന്ദിരങ്ങൾ പൊങ്ങുകയാണ്. ടെക്നോപാർക്കിൽനിന്ന് സൗജന്യമായി തരാമെന്ന് പറഞ്ഞ സ്ഥലം ഏറ്റെടുത്തതുമില്ല. ഒരു കോടി രൂപ സർക്കാർ ട്രിഡയ്ക്ക് കൊടുത്ത് അക്വിസിഷൻ നടപടി നടത്തിക്കൊണ്ടിരുന്ന ഒന്നരയേക്കർ സ്ഥലത്തുനിന്ന് ഇടയ്ക്കുള്ള കുറേ വസ്തുക്കൾക്ക് എക്സംപ്ഷൻ കൊടുത്ത് അവിടെ ബഹുനില മന്ദിരം പണിതു. കഴക്കൂട്ടത്തെ ജനങ്ങൾ ആഗ്രഹിക്കുന്ന പൊതു ആവശ്യത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടിയെ തടസ്സപ്പെടുത്തുന്ന രീതിയിൽ ട്രിഡ ചെയർമാനും ഭരണസമിതിയും കൂടിചേർന്ന് അട്ടിമറിച്ചിരിക്കുകയാണ്. അവിടെ ഇപ്പോൾ അനുമതി കൊടുത്ത് കെട്ടിടങ്ങൾ കെട്ടുകയാണ്. അത് അടിയന്തരമായി നിർത്തിവക്കുകയും വ്യവസായ വികസനം നടന്നുകൊണ്ടിരിക്കുന്ന കഴക്കൂട്ടം പ്രദേശത്തെ പൊതു ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ഈ ഭൂമി ഏറ്റെടുക്കുവാനുള്ള അടിയന്തരനടപടി സ്വീകരിക്കുകയും എക്സംപ്ഷൻ കൊടുത്ത ആൾക്കാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, തിരുവനന്തപുരം വികസന അതോറിറ്റിയുടെ കഴക്കൂട്ടം ട്രേഡ് സെന്റർ-കം-മിനി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബസ്സ്റ്റാന്റ് പദ്ധതി അട്ടിമറിക്കാൻ അതോറിറ്റിതന്നെ ശ്രമിക്കുകയാണെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. 2005-ൽതന്നെ പദ്ധതിക്കാവശ്യമായ സ്ഥലം അർജൻസി ക്ലോസിൽ ഏറ്റെടുക്കുന്നതിന് അനുമതി ലഭിക്കുകയും ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ സമർപ്പിക്കപ്പെട്ട കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പദ്ധതി പ്രദേശത്തുള്ളവരുടെ പരാതികൾ പരിശോധിക്കുകയും വഴിക്ക് ആവശ്യമുള്ള വസ്തു പദ്ധതിയിൽനിന്ന് ഒഴിവാക്കാൻ തീരുമാനിക്കുകയും മറ്റുള്ളവ നിരസിക്കുകയും ചെയ്തു. ഇതുമായിബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 2005-ൽ സമർപ്പിക്കപ്പെട്ട കേസ് 2007-ലാണ് തീർപ്പായത്. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതി പ്രദേശത്തുള്ള രണ്ട് വ്യക്തികൾ 2007-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ സമർപ്പിച്ച കേസ്സിൽ ഒഴിപ്പിക്കൽ സ്റ്റേ ചെയ്ത് ഉത്തരവായി. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുള്ള ഡിക്ലറേഷൻ, അവാർഡ് എന്നിവ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഏറ്റെടുക്കൽ നടപടി ലാപ്സായതായി 18-03-2008-ൽ ബഹുമാനപ്പെട്ട കോടതി വിധിച്ചു.

19-6-2008-ൽ ട്രിഡാ എക്സിക്യൂട്ടീവ് കമ്മിറ്റി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നതിന് തീരുമാനിക്കുകയും ജില്ലാ കളക്ടറോട് നടപടി സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. നടപടിക്രമത്തിൽ സങ്കീർണ്ണതകളുണ്ട്. പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടലും കാരണമാണ് ഭൂമി ഏറ്റെടുക്കൽ നടപടി വൈകിയത്. 22-4-2010-ൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ പുനരധിവാസം ഉൾപ്പെടുത്തേണ്ടുന്ന സാഹചര്യം പദ്ധതി പ്രദേശത്തുണ്ടെന്ന് സ്പെഷ്യൽ തഹസിൽദാർ വികസന അതോറിറ്റിയെ അറിയിച്ചു. ഇതടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് പദ്ധതി പ്രദേശത്ത് ഉൾപ്പെടുത്തിയിരുന്ന 33 സെന്റ് സ്ഥലം ഒഴിവാക്കുന്നതിനും 97 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനും തീരുമാനിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യാനുസരണം ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിൽവച്ച് ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സ്ഥലം ഫാസ്റ്റ് ട്രാക്ക് മാർഗ്ഗത്തിൽ ഏറ്റെടുക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിക്കുകയും ചെയ്തു. 19-8-2010-ൽ തന്നെ ഇപ്രകാരമുള്ള അഭ്യർത്ഥന ഗവൺമെന്റിന് നൽകിയിരുന്നു. എന്നാൽ എൽ. എ. യൂണിറ്റിന്റെ ആവശ്യപ്രകാരം 9-12-2010-ൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ വികസിതമാണെന്ന് കണ്ടെത്തിയ 2.6 ആർ സ്ഥലം കൂടി ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും പദ്ധതി പ്രദേശത്ത് ഉൾപ്പെടുത്തിയിട്ടുള്ള അവികസിതമായ 90.6 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഏറ്റെടുക്കുന്നതിനുള്ള അനുമതിക്ക് 16.2.2011-ൽ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസമാണ് പദ്ധതി വൈകുന്നതിന് ഇടയാക്കിയിട്ടുള്ളത്. ഈ കാര്യത്തിൽ തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ചയൊന്നും സംഭവിച്ചിട്ടില്ല. സ്ഥലം ഏറ്റെടുത്ത് കൈമാറുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.